**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - പദ്ധതി വിഹിതത്തിൽ നിന്ന് സർക്കാർ ഉത്തരവു വഴിയുള്ള ചെലവ് - പ്രോജക്ട് തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐബി) വകുപ്പ്**

സ.ഉ. (കൈ) നം. 69/12/തസ്വഭവ തിരുവനന്തപുരം, തീയതി: 16.03.2012.

---

പരാമർശം:- 05.03.2012 - ലെ സ.ഉ. (സാധാ) നം. 673/12/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

<u>**ഉത്തരവ്**</u>

പരാമർശത്തിലെ സർക്കാർ ഉത്തരവു പ്രകാരം വികസന ഫണ്ടിൻെറ മേഖലാ വിഭജനത്തിൻെറ പരിധിയിൽ വരാതെയും എന്നാൽ പദ്ധതി ചെലവായി കണക്കാക്കിയും 2011 - 12 ലെ പദ്ധതി വിഹിതത്തിൽ നിന്ന് കില കോർപ്പസ് ഫണ്ടിലേയ്ക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുക കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിനു ഡി.പി.സി.യുടെ സാധൂകരണം വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

പദ്ധതി ചെലവുകൾ സാധാരണ ഗതിയിൽ നിർവ്വഹിക്കുന്നത് പ്രോജക്ട് തയ്യാറാക്കി സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തി ഡി.പി.സി അംഗീകാരം വാങ്ങിയ ശേഷമാണ്. എന്നാൽ പരാമർശത്തിലെ സർക്കാർ ഉത്തരവിൻെറ മാതൃകയിൽ മറ്റു ചില ചെലവുകൾക്കും പദ്ധതി വിഹിതത്തിൽ നിന്ന് അനുമതി നൽകിക്കൊണ്ടും അവയ്ക്കുള്ള ഡി.പി.സി.യുടെ സാധൂകരണം പിന്നീട് വാങ്ങിയാൽ മതിയെന്ന് നിർദ്ദേശിച്ചു കൊണ്ടും സർക്കാർ ഉത്തരവു പുറപ്പെടുവിക്കാറുണ്ട്.

സർക്കാർ ഉത്തരവു വഴി പദ്ധതി വിഹിതത്തിൽ നിന്ന് ചെലവു നിർവ്വഹിക്കുന്ന കാര്യത്തിൽ, ചെലവ് നിർവ്വഹിച്ച് സാമ്പത്തിക വർഷം അവസാനിച്ചശേഷം പ്രോജക്ട് തയ്യാറാക്കി സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തി, ഡി.പി.സി.യുടെ സാധൂകരണം വാങ്ങുകയാണ് മുൻവർഷങ്ങളിൽ ചെയ്തിരുന്നത്. എന്നാൽ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ വിന്യസിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സുലേഖയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾക്കുള്ള ചെലവു മാത്രമേ സാംഖ്യയിൽ രേഖപ്പെടുത്തി പദ്ധതി വിഹിതത്തിൽ നിന്ന് നിർവ്വഹിക്കാൻ സാദ്ധ്യമാവുകയുള്ളൂ എന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. പദ്ധതി ചെലവുകൾക്കുള്ള ഫലപ്രദമായ നിയന്ത്രണത്തിന് ഇത്തരമൊരു വ്യവസ്ഥ നിർബന്ധമാണെന്ന കാര്യം സർക്കാരിന് ബോദ്ധ്യമുണ്ട്. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ പദ്ധതി വിഹിതത്തിൽ നിന്ന് തുക ചെലവഴിക്കുന്ന സംഗതിയിൽ, പഞ്ചായത്തിൻെറ/ നഗരസഭാ കൗൺസിലിൻെറ അംഗീകാരത്തോടെ കരട് പ്രോജക്ട് തയ്യാറാക്കി സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ ലഭിച്ച ശേഷം

മാത്രമേ, റിക്വിസിഷൻ, അലോട്ട്മെൻറ്, ട്രഷറിയിൽ നിന്നു തുക പിൻവലിക്കൽ എന്നീ പ്രക്രിയകൾ നടത്താവൂ. ഇത്തരം പ്രോജക്ടുകൾ സർക്കാർ ഉത്തരവു മുഖേനയുള്ളതും ഡി.പി.സി.യുടെ സാധൂകരണം പ്രതീക്ഷിക്കുന്നതും എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതായി കണക്കാക്കപ്പെടും ഇവ പ്രോജക്ട് നമ്പർ സഹിതം സുലേഖയിൽ ഉൾപ്പെടുന്നതാകയാൽ സാംഖ്യയിൽ നിന്ന് അലോട്ട്മെൻറ് നൽകാനും, ബിൽ തയ്യാറാക്കാനും, തുക പിൻവലിച്ച് സാംഖ്യയിൽ ചെലവ് രേഖപ്പെടുത്താനും സാധിക്കും. ഇവയ്ക്കുള്ള സാധൂകരണം ഡി.പി.സി.യിൽ നിന്ന് പിന്നീട് വാങ്ങേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എൽബിഎ), കേരള, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.